പട്ടികവർഗ്ഗക്കാരുടേയും മാനസിക രോഗികളുടേയും ആരോഗ്യരക്ഷ

205 (207) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. സുകുമാർ ഉമ്മൻ പ്രിൻസിപ്പൽ ഹെൽത്ത് സെക്രട്ടറിയായിരുന്നപ്പോൾ പട്ടികവർഗ്ഗക്കാരുടേയും മാനസിക രോഗികളുടേയും ആരോഗ്യരക്ഷ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ ;

(ബി) എങ്കിൽ അവ ഏതൊക്കെ ;

(സി) ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) നൽകിയിരുന്നു. ശ്രീ. സുകുമാർ ഉമ്മൻ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്നപ്പോൾ പ്രിൻസിപ്പൽ സെക്രട്ടറിയുടേയും ആരോഗ്യ വകുപ്പിന്റേയും നിർദ്ദേശപ്രകാരം കേരളത്തിലെ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ഏതാനും സ്റ്റാഫ് നഴ്സുമാർക്ക് 2001 ജനുവരി 5,6 തീയതികളിൽ മെന്റൽ ഹെൽത്ത് അതോറിറ്റി ഓഫീസിൽ വച്ച് ഡോ. വി. സുരരാജ്മണി രണ്ട് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. മാനസികാരോഗ്യകേന്ദ്രങ്ങളിൽ പ്രവേശിക്കപ്പെട്ടിട്ടുള്ള മാനസിക രോഗികളുടെ മാനസികവും ശാരീരികവുമായ പോരായ്മകളും ആവശ്യകതകളും ശാസ്ത്രീയമായി അപഗ്രഥനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു പുനരധിവാസപദ്ധതി നടപ്പിലാക്കുന്നതിന് ഉപകരിക്കുന്നതായിരുന്നു പരിശീലന പരിപാടി. മനോരോഗചികിത്സാ രംഗത്തെ നൂതനങ്ങളായ സിദ്ധാന്തങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു പുനരധിവാസ ചികിത്സാ പദ്ധതിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഒഴിവുകൾ നികത്തുന്നതിന് നടപടി

206 (208) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്ത് സർവ്വീസിന്റെ കീഴിൽ അസിസ്റ്റന്റ് സർജന്മാരുടെ തസ്തിക ഒഴിഞ്ഞു കിടപ്പുണ്ടോ ; എങ്കിൽ എത്ര ;

(ബി) പ്രസ്തുത ഒഴിവ് നികത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് സർജന്മാരുടെ 150 ഒഴിവുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly